# വിശുദ്ധിയുടെ വ്രതം നാളെയുടെ പാഥേയം

ഫസ്‌ലുർറഹ്മാൻ കൊടുവള്ളി

**ആരാധനകളുടെ** കൂട്ടത്തിൽ വേറിട്ട വഴിയാണ് വ്രതത്തിന്റേത്. തിരസ്കാരമാണ് വ്രതഭാഷ. മനഃശുദ്ധിയാണ് വ്രതപ്പൊരുൾ. ഗോപ്യമായ, ഒരുതരം നിശ്ശബ്ദകർമം പോലെയാണത്. പതിവുരീതികളെയും സാമ്പ്രദായികതകളെയും മാറ്റിവെച്ച്, ഒഴുക്കിനെതിരിലുള്ള ഒരു നീന്തൽ. സാഹസികതയുടെയും ത്യാഗത്തിന്റെയും ചേരുവകൾ അതിലെമ്പാടുമുണ്ട്. ഘടനാപരമായ ഈ കടുപ്പം, വ്രതം ഉള്ളാവാഹിക്കുന്ന മഹോന്നത ലക്ഷ്യങ്ങളിലേക്ക് വിരൽചൂണ്ടുന്നു. വ്രതമാകുന്ന ഉലയിൽ വിശ്വാസികളെ അഗ്നിശുദ്ധിക്ക് വിധേയമാക്കി ഏതു പരിതഃസ്ഥിതികളിലേക്കും പറ്റുംവിധത്തിൽ പരുവപ്പെടുത്തിയെടുക്കുകയത്രെ ദൈവികോദ്ദേശ്യം.

ഐഹികജീവിതത്തെ വിശ്വാസിയുടെ തടവറയോട് പ്രവാചകൻ ഉപമിച്ചിട്ടുണ്ട്. തടവറ അസ്വാതന്ത്ര്യത്തിന്റെയും പരിമിതികളുടെയും നിയന്ത്രണങ്ങളുടെയും ലോകമാണ്. അന്തഃസംഘർഷങ്ങളിൽ ഉരുകുന്ന തടവുപുള്ളിയാണ് ദുൻയാവിൽ വിശ്വാസി. ഇഹലോകമാകുന്ന വലുതും ബാഹ്യവുമായ തടവറക്കകത്ത്, ചെറുതും ആഭ്യന്തരവുമായ മറ്റൊരു തടവറയുണ്ട്. അത് മനുഷ്യമനസ്സാകുന്ന തടവറയത്രെ. ഈ തടവറകൾ പോരാട്ടനിലങ്ങൾ കൂടിയാണ്. തിന്മയും നന്മയും തമ്മിലുള്ള നിതാന്ത സംഘട്ടനത്തിന്റെ രണഭൂമിയാണ് മനസ്സ്. ധർമവും അധർമവും ബോധനം ചെയ്യപ്പെട്ടതാണ് മനുഷ്യമനസ്സ്. മനസ്സിന്റെ അധർമ ഭാവത്തോട് എപ്പോഴും കലഹത്തിലാണ് വിശ്വാസി. മനസ്സിന്റെ ധർമഭാവം പൊലിപ്പിച്ചെടുക്കുകയാണ് അവന്റെ പോരാട്ട ലക്ഷ്യം. ഈ തരത്തിൽ മനസ്സിനെ സംസ്കരിച്ചെടുത്തവനാണ് വിജയിക്കുകയെന്നും മനസ്സിനെ മലിനപ്പെടുത്തുന്നവൻ പരാജയപ്പെട്ടുപോകുമെന്നും ദൈവം പറഞ്ഞുവെച്ചിട്ടുമുണ്ട്.

ജീവിതത്തിലുടനീളം വിശ്വാസി പ്രതിനിധീകരിക്കുന്ന ഈ പോരാട്ടത്തിന്റെ പ്രതീകാത്മക രൂപമാണ് റമദാൻ വ്രതം. തിന്മക്കെതിരിലുള്ള ഒരു സമരരൂപം. ചൈതന്യരഹിതമായ കേവല ഉപവാസമല്ല അത്. ആത്മാവിനോടൊപ്പം സകല ശാരീരികാവയവങ്ങളും പങ്കുചേരുന്ന, ഭക്തിയും ശക്തിയും വിരക്തിയും ഒരുമിക്കുന്ന ഉത്കൃഷ്ടാരാധന. ജിഹാദിനുള്ള അനുമതി നൽകപ്പെടുന്നതും നോമ്പ് നിർബന്ധമാക്കപ്പെടുന്നതും ഒരേ വർഷമായത് (ഹിജ്റ രണ്ടാം വർഷം) യാദൃച്ഛികമാവാനിടയില്ല. ജിഹാദിന്റെ ഇനങ്ങളിൽ പ്രഥമമായത് *ജിഹാദുന്നഫ്സ്* (ആത്മസമരം) ആണ്. ബാഹ്യശത്രുവിനോടുള്ള ജിഹാദ് ജയിക്കാനുള്ള മുന്നുപാധിയാണ് ആഭ്യന്തര ശത്രുവിനെതിരിലുള്ള പോരാട്ട വിജയം. മറ്റു ജിഹാദുകളുടെ നിലമൊരുക്കൽ എന്ന പ്രാധാന്യമാണ്, ആത്മസമരത്തിന്റെ പരിശീലനവേളയായ റമദാൻ വ്രതം ഉൾക്കൊള്ളുന്നത്. അങ്ങേയറ്റത്തെ ആത്മനിയന്ത്രണവും കഠിനസാധനകളും മറ്റാരാധനകളിൽനിന്ന് വ്രതത്തെ വേറിട്ടു നിർത്തുന്നു.

## വ്രതയുക്തികൾ

നമസ്കാരം, സകാത്ത്, ഹജ്ജ് തുടങ്ങിയ ആരാധനകളിൽനിന്ന് രൂപത്തിലും ഭാവത്തിലും വേർതിരിഞ്ഞുനിൽക്കുന്ന വ്രതത്തിന്റെ യുക്തികളും ഉദ്ദേശ്യങ്ങളും അത്രതന്നെ വേറിട്ടതും വിപുലവും ശക്തവുമാണ്. അതിങ്ങനെ സംഗ്രഹിക്കാം:

1. തഖ്‌വയുണ്ടാവൽ: “സത്യവിശ്വാസികളേ, നിങ്ങളുടെ മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടതുപോലെ നിങ്ങൾക്കും നോമ്പ് നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ തഖ്‌വയുള്ളവരാവാൻ.” രൂപവ്യത്യാസങ്ങളോടു കൂടി മുൻ കഴിഞ്ഞ സമൂഹങ്ങളിലും നിലവിലിരുന്ന ആരാധനയാണ് വ്രതം. പക്ഷേ, അതിന്റെ പൂർണതയും മനോഹാരിതയുമാർന്ന രൂപം മുഹമ്മദ് നബി(സ)യുടെ ശരീഅത്തിലെ വ്രതത്തിലാണുള്ളത്. വ്രതലക്ഷ്യം തഖ്‌വയാകുന്നു. *വഖാ-വിഖായത്ത്* എന്ന അറബിപദത്തിൽനിന്നുള്ളതാണ് തഖ്‌വ. സൂക്ഷിക്കുക, സംരക്ഷിക്കുക,

ക്രമീകരിക്കുക, ജാഗ്രത പുലർത്തുക എന്നെല്ലാം അതിന് അർഥം പറയാം. ജീവിതത്തിൽ ദൈവികകൽപനകൾ നടപ്പിൽവരുത്താനും നിരോധങ്ങളിൽനിന്നൊഴിഞ്ഞുനിൽക്കാനും വിശ്വാസി നടത്തുന്ന പരിശ്രമങ്ങളുടെയും പുലർത്തുന്ന സൂക്ഷ്മാവബോധത്തിന്റെയും സൂചിത പദമാണ് തഖ്‌വ. ജീവിതത്തോളം വിശാലമാണത്. സാമൂഹിക-നാഗരിക-സാന്മാർഗിക നിയമങ്ങളുടെയെല്ലാം ലക്ഷ്യമായി ഖുർആൻ നിർണയിക്കുന്നത് തഖ്‌വയാണ്. മനുഷ്യന്റെ ഇഹലോകക്ഷേമത്തിന്റെയും പരലോകമോക്ഷത്തിന്റെയും ആത്യന്തിക വഴി തഖ്‌വയാണ്. മനുഷ്യസമൂഹത്തോട് പൊതുവായുള്ള ദൈവികവസിയ്യത്ത് തഖ്‌വ പുലർത്തണമെന്നതാണ്: "അല്ലാഹുവിന് തഖ്‌വയുള്ള വരാകണമെന്ന് നിങ്ങൾക്കു മുമ്പ് വേദം നൽകപ്പെട്ടവരോടും നിങ്ങളോടു തന്നെയും നാം വസിയ്യത്ത് ചെയ്തിട്ടുണ്ട്" (*അന്നിസാഅ്* 131). ഇതേ 'തഖ്‌വ' തന്നെയാണ് നോമ്പ് കൊണ്ടും സാധിതമാകേണ്ടത്. തിരസ്കാരത്തിന്റെ ഭാഷയിലുള്ള അനുഷ്ഠാനം വ്രതലക്ഷ്യത്തെ കൂടുതൽ മനോഹരവും അർഥവത്തുമാക്കുന്നു.

2. ഖുർആനിലൂടെ ലഭിച്ച സന്മാർഗത്തിന് നന്ദിപ്രകാശനം: "ജനങ്ങൾക്ക് മാർഗദർശനമായിക്കൊണ്ടും നേർവഴി കാട്ടുന്നതും സത്യവും അസത്യവും വേർതിരിച്ചു കാണിക്കുന്നതുമായ സുവ്യക്ത തെളിവുകളായിക്കൊണ്ടും വിശുദ്ധ ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാകുന്നു റമദാൻ. അതുകൊണ്ട് നിങ്ങളിൽ ആര് ആ മാസത്തിൽ സന്നിഹിതരാണോ അവർ ആ മാസം വ്രതമനുഷ്ഠിക്കേണ്ടതാണ്" (*അൽബഖറ* 185). ലൗഹുൽ മഹ്ഫൂളിൽ (സുരക്ഷിത ഫലകം)നിന്ന് 'സമാഉദ്ദുൻയ'യിലേക്കുള്ള ഖുർആന്റെ ഇറക്കമോ, ദിവ്യബോധനധാരയുടെ തുടക്കമോ ഏതാണ് റമദാനിലെ പുണ്യരാവിൽ നടന്നത് എന്നതിൽ അഭിപ്രായാന്തരമുണ്ട്. ഏതായാലും ഖുർആന്റെ അനുഗ്രഹധാര പെയ്തിറങ്ങിയ മാസമാണ് റമദാൻ. അപരിമേയമായ ആ അനുഗ്രഹത്തിന് തിരിച്ച് ദൈവത്തിനുള്ള നന്ദിപ്രകാശനമാണ്, വ്രതാനുഷ്ഠാനത്തിന്റെ കാതലായ അകപ്പൊരുളുകളിൽ ഒന്ന്. ലോകത്തിന്റെ ഇരുളകറ്റിയ ദിവ്യവെളിച്ചത്തിന്റെ അനശ്വര ഗോപുരമാണ് ഖുർആൻ. ഇരുളുകളിൽനിന്ന് വെളിച്ചത്തിലേക്ക് മാനുഷ്യകത്തെ വഴിതെളിക്കുകയാണ് ഖുർആന്റെ നിയോഗദൗത്യം. വിശ്വാസപരവും ആചാരപരവും വീക്ഷണപരവുമായ അനേകം ഇരുട്ടുകളെ വകഞ്ഞുമാറ്റിയ സാംസ്കാരിക വിപ്ലവത്തിന് ലോകത്ത് വിശുദ്ധ ഖുർആൻ നേതൃത്വം നൽകി. ഖുർആനെ മുന്നിൽനിർത്തി പിറകെ നടന്ന സമൂഹത്തെ അത് വിജയത്തിലേക്ക് നയിച്ചു. ഖുർആനെ പിറകിലിരുത്തി നടന്ന സമൂഹങ്ങളെ അത് പരാജയത്തിന്റെ ഗർത്തങ്ങളിലേക്ക് തള്ളിയിട്ടു. ചുരുക്കത്തിൽ വെളിച്ചമില്ലാത്ത ലോകത്തിന്റെ വെളിച്ചമാണ് ഖുർആൻ. വിലമതിക്കാനാവാത്ത ആ അനുഗ്രഹത്തിന്, ഭൗതികാനുഗ്രഹത്തിന്റെ നിദാനങ്ങളായി ഗണിക്കപ്പെടുന്ന പലതും നിശ്ചിത നേരങ്ങളിൽ പ്രയാസങ്ങൾ മറന്ന് ത്യജിച്ചുകൊണ്ടാണ് വിശ്വാസി നന്ദിപറയുന്നത്. പക്ഷേ, ഈ സമർപ്പണം പോലും ഖുർആന്റെ അനവദ്യ അനുഗ്രഹത്തിന് മുമ്പാകെ എത്ര നിസ്സാരം!

3. ആത്മാവിന് ബലമേകൽ: ശരീരത്തിന്റെയും ആത്മാവിന്റെയും സംഘാതമാണ് മനുഷ്യൻ. ആത്മാവ് പാർക്കുന്ന ഗേഹമാണ് ശരീരം. രണ്ടിന്റെയും ധർമങ്ങളും ഇഛകളും വിഭിന്നം. ആത്മാവിനും ശരീരത്തിനും അർഹിക്കുന്ന അളവിൽ പ്രോത്സാഹനവും പരിഗണനയും ലഭിക്കണം. അതിലെ അസന്തുലിതത്വം മനുഷ്യധർമത്തെ അട്ടിമറിക്കുന്ന പതനത്തിലെത്തിക്കും. എന്നാൽ സംഭവലോകത്ത് ശരീരത്തിനാണ് സകലവിധ പരിഗണനകളും ഊന്നലുകളും ലഭിച്ചു കാണുന്നത്. ഇത് മനുഷ്യനിലെ ജന്തുസ്വഭാവത്തെ വളർത്തുന്നു. ഒരു കവിവാക്യം:

*യാ ഖാദിമൽ ജിസ്മി കം തസ്ആലിഖിദ്മത്തിഹി*
*അതത്ത്‌ലുബുർരിബ്ഹ മിമ്മാ ഫീഹി ഖുസ്റാനു*
*അഖ്ബിൽ അലന്നഫ്സി വസ്തക്മിൽ ഫദാഇലഹാ*
*ഫഅൻത ബിന്നഫ്സി ലാ ബിൽജിസ്മി ഇൻസാനു*

(ശരീരത്തിന്റെ സേവകനേ, നീ അതിനെ സേവിക്കാനായി എത്ര കണ്ട് പരിശ്രമിക്കുന്നു! നശ്വരമായതിൽനിന്നാണോ നീ ലാഭം തേടുന്നത്? ആത്മാവിനെ കൈയേറ്റുവാങ്ങു, അതിന്റെ ശ്രേഷ്ഠതകൾ പൂർത്തീകരിക്കൂ. ആത്മാവിനാലാണ്; ശരീരത്താലല്ല നീ മനുഷ്യനായിത്തീരുന്നത്).

വ്രതത്തിലൂടെ ശരീരേഛകളുടെ തടവറയിൽനിന്ന് മനുഷ്യൻ മോചിതനാക്കപ്പെടുകയാണ്. വിശപ്പ്, ദാഹം, വികാരങ്ങൾ- ഇവ മനുഷ്യനിൽ തിന്മയിലേക്ക് തുറക്കുന്ന കവാടങ്ങളാണ്. ആ സാധ്യതകളെ സ്വന്തം ഇഛാശക്തികൊണ്ട് നിയന്ത്രിച്ചു നിർത്താൻ കഴിയുന്നതോടെ, ശരീരത്തിനു മേൽ ആത്മാവിന് വൻവിജയമാണ് കൈവരുന്നത്. ഈവിധം ശരീരത്തിന്റെ തടവറയിൽനിന്ന് ആത്മാവ് പുറത്തുകടക്കുമ്പോൾ അതായത്, ഇഛകളുടെ ആധിപത്യത്തിൽനിന്ന് മനുഷ്യൻ വിമോചിതനാകുമ്പോൾ, മനുഷ്യൻ മാലാഖമാരോട് അടുക്കുകയും ജന്തുതയിൽനിന്ന് അകലുകയുമാണ്. നോമ്പുകാരന്റെ ഹൃദയം തൊട്ടറിഞ്ഞ പ്രാർഥന ആകാശകവാടങ്ങൾ മുട്ടിത്തുറക്കും. ഭൗതികാവശ്യങ്ങൾ വെടിഞ്ഞ് അകംനിറയെ ദിവ്യകാരുണ്യത്തിനുള്ള പ്രാർഥനകളുമായാണല്ലോ അവൻ കഴിഞ്ഞുകൂടുന്നത്. വ്രതാനുഷ്ഠാനത്തിന്റെ സൂക്തങ്ങൾക്ക് തൊട്ടുപിറകിലായി അല്ലാഹു, പ്രാർഥനയുടെ അകപ്പൊരുളുകളിലേക്ക് വിരൽചൂണ്ടുന്നത് യാദൃഛികമല്ല. അല്ലാഹു, നാം വിളിച്ചാർക്കേണ്ടവിധം അകലത്തിലോ, അതോ നമ്മോടെപ്പോഴും സംവദിക്കാൻ കഴിയുംവിധം സമീപസ്ഥനോ എന്ന് ഒരു ഗ്രാമീണൻ പ്രവാചകനോടാരാഞ്ഞപ്പോഴാണ്, *വഇദാ സഅലക ഇബാദീ അന്നീ....* എന്ന് തുടങ്ങുന്ന സൂക്തം അവതീർണമായത്. തിരസ്കരിക്കപ്പെടാത്ത മൂന്ന് പ്രാർഥനകളിലൊന്ന്, നോമ്പുകാരന്റെ നോമ്പുതുറക്കുംനേരത്തുള്ള പ്രാർഥനയാണെന്ന പ്രവാചകവചനം സ്മരണീയമാണ്.

4. ക്ഷമയുടെ പരിശീലനക്കളരി: ആത്മനിയന്ത്രണശേഷിയും ക്ഷമയും മനുഷ്യന്റെ മാത്രം സവിശേഷതകളാണ്. ജന്തുജാലങ്ങൾക്ക് അവ തീർത്തും അന്യം. വിശപ്പുള്ളപ്പോൾ തിന്നാതിരിക്കാനും ദാഹിക്കുമ്പോൾ കുടിക്കാതിരിക്കാനും ലൈംഗികതൃഷ്ണയുള്ളപ്പോൾ ഇണചേരാതിരിക്കാനുമുള്ള ശേഷി, സംസ്കാരത്തിന്റെ അത്യുന്നതഭാവത്തെയാണ് പ്രതിഫലിപ്പിക്കുന്നത്. ക്ഷമയുടെ പരിശീലനക്കളരിയായ 'മുപ്പതുനാൾ മദ്റസ'യിലൂടെ ഉത്തമഗുണങ്ങൾ, ഉദാത്ത സംസ്കാരം, ഔദാര്യവും കാരുണ്യവും എന്നീ മാനുഷിക ശ്രേഷ്ഠഭാവങ്ങളാണ് ഊട്ടിയുറപ്പിക്കപ്പെടുന്നത്. ജീവിതവിജയത്തിൽ ക്ഷമയുടെ പങ്ക് അനിഷേധ്യം. 'അല്ലാഹു ക്ഷമാശീലരോടൊപ്പമാണെ'ന്നും 'ക്ഷമയുടെ പ്രതിഫലം സ്വർഗമാണെ'ന്നും പഠിപ്പിക്കപ്പെടാൻ മാത്രം ഉദാത്തമാണ് ആ ആശയം. ഈമാന്റെ പാതിയാണ് ക്ഷമയെന്ന് പ്രവാചകൻ അരുളിയിട്ടുണ്ട്. നോമ്പാകട്ടെ, ക്ഷമയുടെ പാതിയും. രണ്ട് പ്രസ്താവങ്ങളും സമീകരിച്ചുകൊണ്ട് ഈമാന്റെ നാലിലൊന്ന് നോമ്പെന്ന് പണ്ഡിതന്മാർ.

സദാചാരനിഷ്ഠയും ധാർമികവിശുദ്ധിയും മറ്റൊരു തരത്തിൽ ക്ഷമ ആവശ്യപ്പെടുന്ന കാര്യങ്ങൾതന്നെ. നോമ്പിന്റെ സദാചാര വിശുദ്ധിയിലേക്കുള്ള വിളി, നിസ്സാരമായി കാണേണ്ട ഒന്നല്ല. പ്രവാചകൻ പറഞ്ഞു: "യുവസമൂഹമേ, നിങ്ങളിൽ ശേഷിയെത്തിയവർ വിവാഹിതരാവേണ്ടതാണ്. ദൃഷ്ടികൾ താഴ്ത്താനും ധാർമികത സംരക്ഷിക്കാനും നിങ്ങൾക്ക് ഏറ്റവും ഉത്തമമായത് അതാകുന്നു. അതിന് സാധിക്കാത്തവർ നോമ്പനുഷ്ഠിക്കേണ്ടതാണ്. അതവനുള്ള രക്ഷാകവചമത്രെ" (ബുഖാരി). വിവാഹം സാധ്യമാകാതെ വരുമ്പോൾ വികാരം അടക്കിവെക്കാൻ നോമ്പ് ഉപാധിയായി സ്വീകരിച്ച് അധാർമികതകളിൽനിന്ന് വിശ്വാസി തന്നെ കാത്തുരക്ഷിക്കാൻ പരിശ്രമിക്ക

ണമെന്ന പ്രവാചകപാഠം വ്രതത്തിലുള്ളടങ്ങിയ സദാചാരലക്ഷ്യങ്ങളിലേക്കുള്ള ചൂണ്ടുപലകയാണ്.

5. അനുഗ്രഹബോധം ഊട്ടിയുറപ്പിക്കുന്നു: അനുഗ്രഹങ്ങളുടെ നിറസമൃദ്ധിയിലാണ് മനുഷ്യജീവിതം. അനുഗ്രഹാധിക്യത്തിൽ മതിമറക്കുമ്പോൾ, ഓരോ അനുഗ്രഹത്തിന്റെയും വില മനുഷ്യന് അറിയാനാവില്ല. “ആകാശങ്ങളിലും ഭൂമിയിലും എത്രയെത്ര ദൃഷ്ടാന്തങ്ങൾ! അവയെ അവഗണിച്ചുകൊണ്ട് അവർ അവയുടെ അടുത്തുകൂടി കടന്നുപോകുന്നു” (*യൂസുഫ്* 105). വിപരീതങ്ങൾ കൊണ്ടേ മനുഷ്യൻ കാര്യങ്ങൾ തിരിച്ചറിയാറുള്ളൂ. അനുഗ്രഹം നഷ്ടപ്പെടുമ്പോഴേ അതിന്റെ വില അവന് ബോധ്യപ്പെടൂ. രോഗാവസ്ഥയിൽ ആരോഗ്യത്തിന്റെ വില മനസ്സിലാവും. ദാരിദ്ര്യത്തിൽ സമ്പത്തിന്റെ വിലയും. നോമ്പുകാലത്ത് കഠിനമായ വിശപ്പും ദാഹവും സഹിക്കേണ്ടിവരുമ്പോൾ, ലോകത്തുള്ള കോടാനുകോടി പട്ടിണിപ്പാവങ്ങളെ അപേക്ഷിച്ച് തനിക്ക് നൽകപ്പെട്ട അനുഗ്രഹത്തിന്റെ വില മനുഷ്യന് ബോധ്യമാവുന്നു. അഗതികളുടെയും പട്ടിണിപ്പാവങ്ങളുടെയും കണ്ണീരൊപ്പണമെന്നും അവരോടൊപ്പം നിൽക്കണമെന്നുമുള്ള ചിന്തയും അവനിൽ നിറയുന്നു. റമദാൻ കാലം ഉദാരതയുടെയും പരസ്പര സഹായത്തിന്റെയും വസന്തകാലമായി മാറിയ പശ്ചാത്തലവും മറ്റൊന്നല്ല. ദരിദ്രനും ധനികനുമെന്ന ഭേദമില്ലാതെ, ഓരോ വിശ്വാസിയും നൽകേണ്ട ശരീരത്തിന്റെ സകാത്താണ് നോമ്പ്. വിശക്കുന്നവനെ ഊട്ടണമെന്ന ചിന്ത, ആവശ്യക്കാർക്ക് ഉണ്ടാക്കിക്കൊടുക്കണമെന്ന വിചാരം നോമ്പുകാലത്തേക്കാൾ ഉന്മിഷത്താവുന്ന മറ്റേതെങ്കിലും സന്ദർഭമുണ്ടോ എന്ന് സംശയമാണ്. പ്രവാചകൻ (സ) പറഞ്ഞു: “ഒരാൾ ഒരു വിശ്വാസിയുടെ പ്രയാസം ദൂരീകരിച്ചുകൊടുത്താൽ അന്ത്യദിനത്തിലെ അയാളുടെ പ്രയാസം അല്ലാഹു ദൂരീകരിച്ചുകൊടുക്കുന്നതാണ്. ഒരുവന്റെ ബുദ്ധിമുട്ട് ലഘൂകരിച്ചുകൊടുത്താൽ അവന്റെ ഇഹത്തിലെയും പരത്തിലെയും ബുദ്ധിമുട്ട് അല്ലാഹു ലഘൂകരിച്ചുകൊടുക്കും. ഒരുവൻ വിശന്നവനെ ഊട്ടിയാൽ സ്വർഗത്തിലെ പഴങ്ങൾ കൊണ്ട് അവനെ അല്ലാഹു ഊട്ടും. വസ്ത്രമില്ലാത്തവന് വല്ലവനും വസ്ത്രം നൽകിയാൽ, അന്ത്യനാളിലെ പച്ചപ്പട്ടുകൊണ്ട് അവനെ അല്ലാഹു വസ്ത്രമണിയിക്കും. ഒരടിമ തന്റെ സഹോദരനെ സഹായിച്ചുകൊണ്ടിരിക്കുന്നേടത്തോളം കാലം അല്ലാഹു അടിമയെ സഹായിച്ചുകൊണ്ടേയിരിക്കും.”

6. അനുസരണബോധത്തിന്റെ ഉദാത്തഭാവം: സ്രഷ്ടാവായ അല്ലാഹുവിലുള്ള അനുസരണബോധം ശക്തിയായി ഉദ്ദീപിപ്പിക്കുന്ന ആരാധനയാണ് വ്രതം. അനുവദനീയമായ ഭക്ഷ്യപാനീയങ്ങളും ദാമ്പത്യബന്ധവും പാടില്ലെന്ന് പറയുമ്പോൾ പൊടുന്നനവെ അങ്ങേയറ്റത്തെ ജാഗ്രതയോടെ നിർത്തിവെക്കുകയും ‘ഇനി അനുഭവിച്ചുകൊള്ളൂ’ എന്നു പറയുമ്പോൾ അതുവരെ വെടിഞ്ഞത് അനുഭവിക്കുകയും ചെയ്യുമ്പോഴുള്ള അനുസരണബോധം അന്യാദൃശമാണ്. നോമ്പുകാരൻ നോമ്പുതുടങ്ങുമ്പോഴും നോമ്പ് മുറിക്കുമ്പോഴും പുലർത്തുന്ന സമയകണിശതയും സൂക്ഷ്മതയും അടിവരയിടുന്നത്, ഈ അനുസരണവികാരത്തെയാണ്. ആരാധനകളിലൂടെ സ്വജീവിതം അല്ലാഹുവിനുള്ളതാണെന്ന് പ്രഖ്യാപിക്കുകയാണ് വിശ്വാസികൾ. തങ്ങളോട് കൽപിക്കാനും നിരോധിക്കാനും ആത്യന്തികമായി അധികാരമുള്ള ഏകശക്തി അല്ലാഹുവാണെന്ന വിശ്വാസിയുടെ മനസ്സറിഞ്ഞ അംഗീകാരത്തിന്റെ സാക്ഷ്യപത്രം കൂടിയാണ് ആരാധനകൾ. പ്രത്യക്ഷത്തിൽ പ്രയാസകരമെന്ന് തോന്നാനിടയുള്ള കൽപനകളിലും നിരോധങ്ങളിലും വരെ, തന്റെ അടിയാറുകളോട് അല്ലാഹു നന്മ മാത്രമേ കാംക്ഷിക്കൂ എന്ന ഉറച്ച വിശ്വാസമാണവരെ അകമ്പടി സേവിക്കുക. അതിനാൽ ദൈവിക വിളി കേൾക്കുമ്പോഴേക്കും അവർ ഇറങ്ങിപ്പുറപ്പെടുകയായി. നമസ്കാരത്തിലും സകാത്തിലും നോമ്പിലും ഹജ്ജിലുമെല്ലാം ഉള്ളടങ്ങിയ അനുസരണബോധം ഇതാണ്. നോമ്പിൽ അത് കൂടുതൽ മൂർത്തമായി പ്രതിഫലിക്കുകയും ചെയ്യുന്നു.

## വ്രതനിഷ്ഠകൾ

‘പതിവായി ചെയ്യുന്നതിൽനിന്ന് വിട്ടുനിൽക്കലാ’ണ് *സ്വൗമി*ന്റെ അർഥങ്ങളിലൊന്ന്. അന്നപാനീയങ്ങളും മൈഥുനവുമാണ് നോമ്പുകാരൻ മുഖ്യമായി വർജിക്കേണ്ടത്. ഈ രണ്ടും നോമ്പുവേളയിലൊഴിച്ച് അനുവദനീയവും അഭികാമ്യവും അത്യന്താപേക്ഷിതവുമാണ്. ദൈവനിർദിഷ്ട കാര്യങ്ങൾതന്നെ, ദൈവഹിതപ്രകാരം നിശ്ചിത നേരങ്ങളിൽ വർജിക്കുക എന്നതാണ് നോമ്പിന്റെ കാതൽ എന്ന് ചുരുക്കം. ലക്ഷ്യങ്ങളിലും സ്വഭാവത്തിലും വ്രതത്തിലടങ്ങിയ വിശുദ്ധിയുടെ വിതാനം ഇതിൽനിന്ന് ഗ്രഹിക്കാവുന്നതേയുള്ളൂ. ഇത്രയേറെ ഗൗരവമാർന്ന ആരാധന നിർവഹിക്കുന്ന നോമ്പുകാരൻ, സകല കാലത്തും നിരുപാധികം നിഷിദ്ധമായ തിന്മകൾ വർജിക്കുന്നില്ലെന്നുവന്നാൽ വ്രതത്തെ പരിഹസിക്കുന്നതിന് തുല്യമാണത്. വ്രതമനുഷ്ഠിക്കാനുള്ള കൽപന വിശ്വാസികൾക്കുള്ളതാണ്. സകല തിന്മകളിൽനിന്നും നിഷിദ്ധതകളിൽനിന്നും ഹിജ്റ ചെയ്തവനാണ് വിശ്വാസി. കുറേയേറെ ‘പലായനങ്ങളും’ ‘തിരസ്കാരങ്ങളു’മാണ് അവനെ വിശ്വാസത്തിന്റെ വിശുദ്ധ വീഥിയിലെത്തിച്ചത്. വിശ്വാസിക്ക് നിരക്കാത്ത കർമങ്ങൾ നോമ്പുകാരന് പഥ്യമാകുന്നതെങ്ങനെ?

നോമ്പുകാരനെ സംബന്ധിച്ചേടത്തോളം വർജനത്തിന്റെ മേഖലകൾ ഉദരലിംഗാദികളിൽ പരിമിതമല്ല. അവയോടൊപ്പം സകല ശാരീരികാവയവങ്ങളും നോമ്പിൽ പങ്കുചേരേണ്ടതുണ്ട്. കണ്ണിനെയും കാതിനെയും നാവിനെയും മറ്റവയവങ്ങളെയും അതിന്റെ പാട്ടിനു വിടുകയും ഭക്ഷണപാനീയങ്ങളും മൈഥുനാദികളും മാത്രം വർജിക്കുകയും ചെയ്യുന്ന നോമ്പുകാരനെയാണ് ‘വിശപ്പും ദാഹവും മിച്ചം വെച്ചവൻ’ എന്ന് പ്രവാചകൻ വിശേഷിപ്പിച്ചത്. നിഷിദ്ധതകളെ കെട്ടിപ്പുണർന്നുകൊണ്ട് വ്രതമനുഷ്ഠിക്കുന്നവർ, ‘പട്ടണം തകർത്ത് കൊട്ടാരം പണിയാൻ’മെനക്കെടുന്നവരാണ്. നിഷിദ്ധതകളും തിന്മകളും ജീവിതത്തിൽനിന്ന് തൂത്തുമാറ്റാനുള്ള പ്രായോഗിക പരിശീലനങ്ങളാണ് വ്രതവും മറ്റാരാധനകളും. ഈ സംസ്കരണതലം പാടേ അവഗണിച്ച് ആരാധനകളിലൊന്നായ വ്രതത്തിന്റെ ചൈതന്യരഹിതമായ ഭൗതികരൂപം നിലനിർത്താൻ ശ്രമിക്കുന്നത് വൃഥാവ്യായാമം മാത്രം.

ലക്ഷ്യപ്രാപ്തിക്കുതകുന്ന, ചൈതന്യവത്തായ നോമ്പനുഷ്ഠിക്കാൻ കഴിയണമെങ്കിൽ ആറു കാര്യങ്ങൾ ഗൗരവപൂർവം പരിഗണിച്ചേ പറ്റൂ:

1. ദൃഷ്ടികൾ നിയന്ത്രിക്കുക: നിഷിദ്ധതകളിലേക്ക് കണ്ണ് ചെന്നെത്താതിരിക്കാൻ നോമ്പുകാരൻ അങ്ങേയറ്റം ജാഗ്രത പുലർത്തേണ്ടതുണ്ട്. വിശ്വാസിക്ക് വിലക്കപ്പെട്ട തരത്തിലുള്ള എല്ലാ നോട്ടവും നോമ്പുകാരൻ കർശനമായി വർജിക്കണം.

2. നാവിനെ സൂക്ഷിക്കുക: ശ്രദ്ധിച്ചില്ലെങ്കിൽ പെട്ടെന്ന് അപകടത്തിൽ അകപ്പെടുത്തുന്ന അവയവമാണ് നാവ്. പരദൂഷണം, ഏഷണി, പരിഹാസം, കള്ളം പറയൽ തുടങ്ങി നാവുകൊണ്ടുള്ള നിഷിദ്ധങ്ങൾ വളരെയേറെയാണ്. അലസമായി വിട്ടാൽ നാവ് വൻ വിനാശം വിതക്കും. അതുകൊണ്ട് അങ്ങേയറ്റം കരുതലോടെ മാത്രം ഉപയോഗിക്കേണ്ട ഒരായുധമാണത്. ഒന്നും ചെയ്യാനില്ലാത്തപ്പോൾ, ആരെങ്കിലും കൂട്ടിനുണ്ടെങ്കിൽ പിന്നെ നാവിനെ വാളായി ഉപയോഗിച്ച് ‘അങ്കംവെട്ടുക’ പലർക്കും ഹരമാണ്. അതിലൂടെ പലരുടെയും അഭിമാനം ക്ഷതപ്പെടും. വാളുകൊണ്ടുള്ള മുറിവ് സുഖപ്പെടുത്താം. നാവിനാലുള്ള മുറിവ് ചികിത്സിച്ചു ഭേദമാ

ക്കാൻ കഴിയാത്തത്ര മാരകം. ഇസ്‌ലാം അങ്ങേയറ്റം വിലക്കിയ വൻ കുറ്റങ്ങളാണിവ. അന്നപാനീയങ്ങളും സുഖഭോഗങ്ങളും വെടിഞ്ഞ് നോമ്പുകാരൻ, അറിഞ്ഞോ അറിയാതെയോ അന്യരെ ആക്രമിക്കുമ്പോൾ, ചീട്ടുകൊട്ടാരം പോലെ തകർന്നുവീഴുന്നത് അടിത്തറ ഭദ്രമല്ലാതെ കെട്ടിപ്പൊക്കിയ അവന്റെ ആരാധനാസൗധങ്ങളാണ്.

നോമ്പുകാരനു നേരെ പ്രകോപനങ്ങളുണ്ടാകുമ്പോൾ 'എന്നാൽ അതങ്ങ് കഴിഞ്ഞോട്ടെ' എന്ന നിലപാടല്ല, 'ഇപ്പോൾ അതിലിടപെടാൻ സാധ്യമല്ലെ'ന്ന നിലപാടാണ് വിശ്വാസി അവലംബിക്കേണ്ടത്. 'വ്രതം പരിചയാണെ'ന്ന പ്രവാചകന്റെ പ്രസ്താവം ഓർക്കുക. പ്രകോപനങ്ങൾക്കും ഭീഷണികൾക്കും മുമ്പിൽ, വികാരങ്ങളുടെ കെട്ടുപൊട്ടിപ്പോകാത്ത, കടുത്ത ഇഛാശക്തിയുള്ളവനായിരിക്കണം നോമ്പുകാരൻ എന്നാണ് ഇത് നൽകുന്ന പാഠം. ദൗർഭാഗ്യവശാൽ മിക്ക നോമ്പുകാരെയും സംബന്ധിച്ച് നേർവിപരീതമായ ഒരു ധാരണയാണ് സമൂഹത്തിൽ നിലനിൽക്കുന്നത്.

3. കേൾവി നിയന്ത്രണം: ഏഷണിയും പരദൂഷണവും പറയൽ മാത്രമല്ല, അത്തരം സദസ്സുകളിലിരുന്ന് അതിന് സമ്മതം മൂളുംവിധം കേൾക്കലും പാപം തന്നെ. ഇവിടെ പറയലിന്റെയും കേൾക്കലിന്റെയും വിധി ഒന്നുതന്നെയാണ്. സദ്‌വിചാരങ്ങളിൽനിന്നും തഖ്‌വയിൽനിന്നും തെറ്റിച്ചുകളയുന്ന അശ്ലീലഭാഷണങ്ങൾ കേൾക്കലും നിഷിദ്ധംതന്നെ. ദിക്‌റും സദുപദേശങ്ങൾ കേൾക്കലുമാണ് ഹൃദയം ജീവത്താക്കാൻ പ്രവാചകൻ നിർദേശിക്കുന്ന പോംവഴി. ഹൃദയം തുരുമ്പിക്കുമെന്നും ആ തുരുമ്പ് കളയാനുള്ള മാർഗം ദിക്‌റുല്ലാഹിയും ഖുർആൻ പാരായണവുമാണെന്നും നബി(സ) അനുചരന്മാരെ പഠിപ്പിച്ചു. ഒരു നോമ്പുകാരൻ അനുശീലിക്കേണ്ട കർമസരണിയും ഇതുതന്നെയാവണം.

4. മറ്റു അവയവങ്ങളെ പാപങ്ങളിൽനിന്ന് തടയൽ: കൈകാലുകൾ, ആമാശയം എന്നിവയെ പാപങ്ങളിൽനിന്ന് തടഞ്ഞുനിർത്തേണ്ടതും അനിവാര്യം തന്നെ. ഭൂമിയിൽ കുഴപ്പം വിതക്കാനുള്ള പരിശ്രമം, ജനങ്ങളുടെ പണം അന്യായമായി അപഹരിക്കൽ, ആളുകൾക്കിടയിൽ വഴക്കും ഭിന്നിപ്പുമുണ്ടാക്കൽ തുടങ്ങി ഒട്ടനേകം പാപങ്ങളിൽനിന്നു കൂടി നോമ്പുകാരൻ മുക്തനാവണം. പൂർണമായി നിഷിദ്ധമോ സംശയകരമോ ആയ മുതൽ കൊണ്ട് വയറു നിറക്കൽ പാപമാണ്. ഹറാം കൊണ്ട് വയറു നിറക്കുന്നവന്റെ ഹൃദയം കടുത്തുപോകും. അല്ലാഹുവിൽനിന്ന് അവൻ അകന്നുപോകും. അവന്റെ നോമ്പിലോ മറ്റാരാധനകളിലോ ഒരർഥവുമില്ല. ഇന്ന് ഏറ്റവും വ്യാപകമായ തിന്മയായിക്കഴിഞ്ഞു സാമ്പത്തിക കുറ്റങ്ങൾ. പലിശ, വഞ്ചന, തട്ടിപ്പ്, തൊഴിലുടമയെ വഞ്ചിക്കൽ, അളവിലും തൂക്കത്തിലും കൃത്രിമം കാണിക്കൽ, ജോലിയിൽ വീഴ്ച വരുത്തൽ തുടങ്ങി ഒട്ടനവധി സാമ്പത്തിക കുറ്റകൃത്യങ്ങളുണ്ട്. ഇതെല്ലാം ഒരുപോലെ നിഷിദ്ധവും നോമ്പിന്റെ ലക്ഷ്യങ്ങളെ മാരകമായി പരിക്കേൽപിക്കുന്നതുമാണ്. നോമ്പുകാർ സാമ്പത്തികജീവിതം ഇസ്‌ലാമികമായി ചിട്ടപ്പെടുത്താത്തേടത്തോളം വ്രതം പാഴ്‌വേലയായേ ഒടുങ്ങൂ.

5. ഹലാലായ ആഹാരം മിതമായി ഭുജിക്കുക: വിശ്വാസി തന്റെ ശരീരത്തെ അല്ലാഹുവിന്റെ അമാനത്തായാണ് ഗണിക്കുക. അതിന്റെ ആരോഗ്യം കെടുത്തുകയോ നശിപ്പിക്കുകയോ ചെയ്യുന്നത് കുറ്റകരമാണ്. അമിതാഹാരം ആരോഗ്യം തകർത്ത് മനുഷ്യനെ രോഗിയാക്കും. പ്രവാചകൻ പറഞ്ഞു: "വയറിനേക്കാൾ മോശമായ ഒരു പാത്രവും മനുഷ്യൻ നിറച്ചിട്ടില്ല. മനുഷ്യപുത്രന് അവന്റെ നട്ടെല്ല് നിവർന്നു നിൽക്കാൻ ഏതാനും പിടി മാത്രം മതിയാവും. ഇനി അതിലധികം കൂടിയേ തീരൂവെങ്കിൽ വയറിന്റെ മൂന്നിലൊന്ന് ഭക്ഷണം കൊണ്ടും മൂന്നിലൊന്ന് വെള്ളം കൊണ്ടും മൂന്നിലൊന്ന് വായു കൊണ്ടും നിറക്കട്ടെ" (തിർമിദി). അധിക രോഗങ്ങളും ആമാശയം വഴിയാണ് വരുന്നത്. അതിന്റെ കാരണങ്ങളിലൊന്നാണ് അമിതഭോജനം. അമിതാഹാരം മനുഷ്യനെ മടിയനും നിഷ്ക്രിയനുമാക്കും. ഇബാദത്തുകളോട് വിമുഖത സൃഷ്ടിക്കും. 'നോമ്പെടുക്കൂ; ആരോഗ്യം നേടൂ' എന്ന പ്രവാചകമൊഴി നോമ്പിന്റെ ആരോഗ്യശാസ്ത്രത്തിലേക്ക് വിരൽചൂണ്ടുന്നു. നോമ്പിന്റെ പകൽവേളകളിലെ പിഴയൊടുക്കും മട്ടിൽ, രാത്രിയെ ഭക്ഷണോത്സവമാക്കുന്നത് നോമ്പിന്റെ ലക്ഷ്യത്തെ തകിടം മറിക്കുന്നതാണ്.

6. വ്രതത്തിൽനിന്ന് വിരമിച്ച ശേഷം അല്ലാഹുവോടുള്ള ബന്ധം ശക്തമായി തുടരുക: ഭയത്തിനും പ്രതീക്ഷക്കുമിടയിലായിരിക്കും എപ്പോഴും വിശ്വാസിയുടെ മനസ്സ്. തന്റെ നോമ്പ് അല്ലാഹുവിങ്കൽ സ്വീകാര്യമായോ എന്ന കാര്യത്തിൽ സദാ ആശങ്കാകുലമായിരിക്കും അവന്റെ മനസ്സ്. അതിനാൽ വ്രതശേഷവും അല്ലാഹുവുമായുള്ള ബന്ധം കൂടുതൽ ശക്തമാക്കാൻ നോമ്പുകാരന് കഴിയണം. അവന്റെ പുണ്യങ്ങളും നന്മകളും സ്വീകാര്യമായേക്കാം എന്നതിന്റെ തെളിവുകൂടിയാണത്. വ്രതം കഴിയുന്നതോടെ, എല്ലാ നല്ല ശീലങ്ങളും വലിച്ചെറിയുന്നവർ വ്രതപ്പൊരുൾ ഉൾക്കൊണ്ടിട്ടില്ല. വ്രതശേഷം ആറു മാസത്തോളമെങ്കിലും റമദാൻ സുകൃതങ്ങൾ അല്ലാഹുവിങ്കൽ സ്വീകാര്യമാവാനുള്ള നിരന്തര പ്രാർഥനയിലായിരുന്നു മഹാന്മാരെന്ന് ചരിത്രം രേഖപ്പെടുത്തുന്നു. ■